ഉത്തരം

(എ) നടത്തിയിരുന്നു.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) നടപടികൾക്കായി ആവശ്യങ്ങളുടെ പട്ടിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വിവിധ വകുപ്പുകൾക്ക് വ്യവസായ വകുപ്പിൽനിന്നും അയച്ചുകൊടുത്തിട്ടുണ്ട്.

(ഡി) തിട്ടപ്പെടുത്തിയിട്ടില്ല.

106 (502) ശ്രീ. ജെ. രാജനെ പിരിച്ചുവിട്ട നടപടി

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ വാച്ചറായി ജോലി ചെയ്തിരുന്ന ശ്രീ. ജെ. രാജനെ പിരിച്ചുവിട്ടതു സംബന്ധിച്ച് ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ലേബർ ആഫീസർ ഇതുമായി ബന്ധപ്പെട്ട കക്ഷികളുടെ ഹിയറിംഗ് വിളിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പ്രാവശ്യം ഹിയറിംഗ് നടത്തിയിട്ടുണ്ട്; ഹിയറിംഗിൽ ആരെല്ലാം പങ്കെടുത്തു;

(സി) ഹിയറിംഗിനുശേഷം എന്തു നടപടി ഇതിൽ സർക്കാർ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ശ്രീ. രാജന് പുനർനിയമനം നൽകുന്നതിന് എന്തു തടസ്സമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബഹു. ഹൈക്കോടതിയുടെ റിട്ട് അപ്പീൽ നമ്പർ. 648/94-ൽ മേലുള്ള വിധിന്യായത്തിന്റെ പകർപ്പ് കേരളാ സ്റ്റേറ്റ് ശാസ്ത്ര സാങ്കേതിക മ്യൂസിയം ഒരു വ്യവസായമാണോ എന്നുള്ള വിഷയം ലേബർ കോടതിയുടെയോ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെയോ മുൻപാകെ ഉന്നയിക്കുന്നതിനുവേണ്ടി ഹൈക്കോടതി തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച് ലേബർ ആഫീസർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടില്ല.

(ബി) ഹിയറിംഗ് വിളിച്ചിട്ടുണ്ട്. മൂന്നു പ്രാവശ്യം ഹിയറിംഗ് നടത്തിയിട്ടുണ്ട്. പരാതിക്കാരൻ മൂന്നു പ്രാവശ്യവും ഹിയറിംഗിൽ പങ്കെടുത്തു. എന്നാൽ മാനേജ്മെന്റ് ഒരു തവണ മാത്രമേ ഹിയറിംഗിൽ പങ്കെടുത്തിട്ടുള്ളൂ.

(സി)&(ഡി) ഹിയറിംഗിൽ പ്രശ്നം പരിഹരിക്കപ്പെടാത്തതിനാൽ പ്രശ്നം കൊല്ലം ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന് അഡ്ജുഡിക്കേഷന് വിടുന്നതിന് ശുപാർശ ചെയ്തുകൊണ്ടുള്ള ലേബർ കമ്മീഷണറുടെ ഐ.ഡി. ആക്ട് 12(4) പ്രകാരമുള്ള റിപ്പോർട്ട് 19.6.99-ൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. അതു പ്രകാരം ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

---

† അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly